# സ്വസ്തി

മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവക വാർത്താ പത്രിക | 2022 നവംബർ – ഡിസംബർ ലക്കം



## പാരമ്പര്യം മുറുകെ പിടിച്ച പാപ്പ


Congratulations
22-09-2022
Placid & Treasa


1st
Wedding Anniversary
27/1/2023
JISON & ANJU
CHALAVEETIL HOUSE MANJUMMEL

# സ്വസ്തി

2022 നവംബർ – ഡിസംബർ

രക്ഷാധികാരി
**റവ. ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി.**

ചീഫ് എഡിറ്റർ
**ജയ്സൺ റ്റി.ജോൺ തൈക്കെവിള**

മാനേജിംഗ് എഡിറ്റർ
**ഫിലോമിന ജോഷി**

പത്രാധിപസമിതി
**ജോസ് ഡിക്സൻ കെ.എക്സ്.**
**ഫ്രാൻസിസ് ഡിക്രൂസ്, ആന്റണി രാജു**
**റീന ബെനഡിക്ട്, നിഷ ഷൈജു,**
**എബി റോഷിൻ,**
**ഷാൾട്ടൻ കൊറയ, ബെറ്റ്സി ബിജു,**
**ആൽഫിൻ സെബാസ്റ്റ്യൻ,**
**ജോയൽ ജോണി**

ഉപദേശക സമിതി
**റവ. ഫാ. ഡാനി ആന്റണി ഒ.സി.ഡി.**
(സഹവികാരി)
**വർഗീസ് പുളിക്കൽ**
(ലീഡർ, ഫാമിലി യൂണിറ്റ്,
കേന്ദ്ര നിർവ്വാഹക സമിതി)
**ജിപ്സൻ സിക്കേര**
(ചീഫ് ഫോട്ടോഗ്രാഫർ ദി ടൈംസ് ഓഫ് ഇന്ത്യ)



## അകത്താളുകളിൽ

എഡിറ്റോറിയൽ
ഇടയമൊഴി
പൈതൃകം
പാരമ്പര്യം മുറുകെ പിടിച്ച പാപ്പ
പുൽക്കൂട്
ഇടവക വാർത്തകൾ

Layout : **L.F. Press, Manjummel.**
Cover : **Shalton Correya Poovathumparambil**

## എഡിറ്റോറിയൽ





# യേശുനാമത്തിന്റെ ശക്തി

സർഗകലകൾ അമ്പലവളപ്പിൽ മാത്രമൊതുങ്ങിയിരുന്ന കാലം; ക്രിസ്ത്യാനിപയ്യൻ സംഗീതം പഠിക്കുകയും വേദികളിൽ പാടാൻ അവസരം തേടുകയും ചെയ്യുന്ന സമയം. യേശു എന്ന നാമത്തിലാണ് ആ കലാകാരന്റെ പേര് തുടങ്ങുന്നതും. പേര് മാറ്റിയില്ലെങ്കിൽ ജീവിതം തുലഞ്ഞു പോവുമെന്ന് ചിലരുടെ പരോക്ഷ ഭീഷണിയും. മുഹമ്മദ് സാബിർ എന്ന സംഗീതകാരന് ബാബുരാജ് ആയി മാറേണ്ടി വന്ന സാഹചര്യമാണെന്നും ഓർക്കുക. എന്തു സംഭവിച്ചാലും ആ പേര് മാറ്റില്ലെന്ന് പയ്യന്റെ അപ്പൻ പരസ്യമായി പ്രഖ്യാപിച്ചു. എതിർപ്പുകളെയും ഭീഷണികളെയും കാലം ചവറ്റുകൊട്ടയിൽ തള്ളി! യേശുദാസ് എന്ന ആ പേര് ഇന്ന് ഏതു മലയാളിയുടെ മനസ്സിലും സംഗീതത്തിന്റെ പര്യായമാണ്. കുരിശടയാളത്തോടെയും ക്രിസ്തുസാക്ഷ്യത്തോടെയുമുള്ള "ചില തുടക്കങ്ങൾ" ആത്മാവിനനുഗുണമായ ഫലങ്ങൾ പുറപ്പെടുവിക്കുമെന്നത് ചില ജീവിതങ്ങൾ നൽകുന്ന മാതൃകയിലുണ്ട്.

ദൈവത്തിൻ രാജ്യവും തൻ ദിവ്യനീതിയും ആദ്യം അന്വേഷിക്കുക, ബാക്കിയെല്ലാം നിങ്ങൾക്ക് ലഭിക്കുമെന്ന് സുവിശേഷം നൽകുന്ന ഗാരന്റി ആയുസ്സിനപ്പുറവും നീളുന്നതാണ്. We Trust in God എന്ന് ഓരോ ചില്ലി കാശിലും കൊത്തിവച്ച അമേരിക്കൻ ഐക്യനാടുകൾ വികസിത രാജ്യങ്ങളുടെ മുൻനിരയിലെത്തപ്പെട്ടു; ആ പ്രചോദനം ഉൾക്കൊണ്ടാവാം ഇന്ത്യയിലെ കറൻസിയിൽ ദേവതാരൂപങ്ങൾ ആലേഖനം ചെയ്യണമെന്ന് ദില്ലി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ അടുത്തിടെ പറഞ്ഞത്. വികസനം എന്നതിനുപരിയായി ചില മാനദണ്ഡങ്ങളുണ്ടെന്നും അത്തരം പല ഘടകങ്ങൾ ഒത്തുചേരുന്നതാണ് പരസ്പര സ്നേഹത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുന്നതും, അതു തന്നെയാണ് മനുഷ്യജീവിതത്തിന്റെ സന്തോഷമെന്നും നിർണയിക്കപ്പെടുന്നുണ്ട്.

ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള സുസ്ഥിര വികസന, പരിഹാര ശൃംഖല (Sustainable development solutions network) മേൽപ്പറഞ്ഞത് അടക്കമുള്ള മാനദണ്ഡങ്ങൾ ആധാരമാക്കിയാണ് ലോകത്തിന്റെ സന്തോഷ സൂചിക (happy index) നിർണയിച്ചത്. ആ പട്ടികയിൽ ആദ്യം വന്ന രാജ്യങ്ങൾ ഫിൻലൻഡ്, ഡെൻമാർക്, ഐസ് ലാൻഡ്, സ്വിറ്റ്സർലൻഡ് എന്നിവയാണ്. കൗതുകമുണർത്തുന്ന ഒരു സാക്ഷ്യഗൗരവം ഇതിൽ കാണാതെ പോകരുത്-നാലു രാജ്യങ്ങളുടെയും പതാകകൾ കുരിശടയാളങ്ങളാണ്.

**ജയ്സൺ റ്റി. ജോൺ**
ചീഫ് എഡിറ്റർ

# ഇടയമൊഴി






ഈശോയിൽ ഏറ്റവും പ്രിയപ്പെട്ടവരെ....

തന്റെ കൂടെ നടക്കുവാൻ യേശു ക്ഷണിച്ചതിന്റെ ഉള്ള് ശിഷ്യത്വമാണ്. എന്നെ ക്ഷണിക്കുമ്പോൾ ഞാൻ തിരിച്ചറിയണം അവന് എന്നെ ഇഷ്ടമാണെന്ന്. അവന്റെ ഇഷ്ടം അവൻ തുറന്നു പറഞ്ഞപ്പോൾ ഞാനും പറഞ്ഞു എനിക്ക് നിന്നെ ഇഷ്ടമാണെന്ന്. ഏറ്റവും ഇഷ്ടമുള്ളതിനുവേണ്ടി മറ്റുള്ളതെല്ലാം ഉപേക്ഷിച്ചവരുടെ കഥയാണ് ശിഷ്യത്വം. 2023-ലെ സിനഡിന്റെ പശ്ചാത്തലത്തിൽ ശിഷ്യത്വത്തെക്കുറിച്ചുള്ള വിചിന്തനം തീർച്ചയായും അർത്ഥവത്താണ്.

ഇത് ഒരു ഓർമ്മപ്പെടുത്തൽ കൂടിയാണ്. സഭയിൽ എങ്ങനെ ആയിരിക്കണമെന്ന്, എന്റെ ജീവിതം എപ്രകാരമായിരിക്കണമെന്ന്. ഈ തീർത്ഥാടനത്തിൽ എന്റെ സഹവർത്തിത്വം (ശിഷ്യത്വം), പങ്കാളിത്വം (കൂടെനടപ്പ്), പ്രേഷിതത്വം (ദൗത്യം) ഇവയെക്കുറിച്ചൊക്കെ ഞാൻ ചിന്തിക്കണം. സഭയെന്ന വലിയ കുടുംബത്തിലെ ആവശ്യഘടകങ്ങളൊക്കെ ചിലയിടങ്ങളിലെങ്കിലും നഷ്ടപ്പെട്ടെന്ന് തിരിച്ചറിഞ്ഞിടത്താണ് ചില ഓർമ്മപ്പെടുത്തലുകൾ നടക്കുന്നത്. വ്യക്തിപരമായി എന്റെ ജീവിതവും സഭയും തമ്മിലുള്ള ബന്ധവും, കുടുംബത്തിലുള്ള വിശ്വാസ ജീവിതത്തിന്റെ സഹവർത്തിത്വവും, വലിയ കുടുംബമാകുന്ന ഇടവകയുമായുള്ള ബന്ധവുമൊക്കെ ഇതിന്റെ ഉദാഹരണമാണ്.

ക്രിയാത്മകവും പുരോഗമനപരവുമായ ഒത്തിരി കാര്യങ്ങളിലൂടെ നാം കടന്നുപോകുമ്പോഴും വിശ്വാസക്കുറവിന്റെയും സംശയത്തിന്റെയും വിശ്വാസരാഹിത്യത്തിന്റെയും അബദ്ധസിദ്ധാന്തങ്ങളുടെയും താത്ക്കാലിക തണലുകൾ നാം തിരിച്ചറിയണം. പുതിയൊരു വർഷത്തിലേക്ക് കടക്കുമ്പോൾ ഇടവകതലത്തിലും നമുക്ക് കുറച്ചുകൂടി ഒന്നുചേർന്ന് ജീവിക്കാനും പ്രവർത്തിക്കാനും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു. നന്മനിറഞ്ഞ, സന്തോഷവും സമാധാനവും നിറഞ്ഞ, ആരോഗ്യവും സമൃദ്ധിയുമുള്ള, ദൈവസാന്നിദ്ധ്യം നിറഞ്ഞുനില്ക്കുന്ന കൂട്ടായ്മയുടെ ഒരു വർഷം എല്ലാവർക്കും ആശംസിക്കുന്നു.

**ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി.**
വികാരിയച്ചൻ.





## ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ

**ആ**ലോചിച്ചുറക്കാതെ രണ്ടുപേർ ഒരുമിച്ച് യാത്ര തിരിക്കുമോ? സൗഹൃദമില്ലാത്ത കൂട്ടായ്മയില്ല.

മെത്രാൻ സിനഡിന്റെ സഹവർത്തിത്വം, പങ്കാളിത്തം, പ്രേഷിതത്വം ഇവ എല്ലാം നാം യാഥാർത്ഥ്യമാക്കുക ക്രിസ്തുവിൽ കേന്ദ്രീകൃതമായ സൗഹൃദം വഴിയാണ്. ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തു. നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളുമായി നിങ്ങൾക്കും കൂട്ടായ്മ ഉണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇതു പ്രഘോഷിക്കുന്നത്. ഞങ്ങളുടെ കൂട്ടായ്മയാകട്ടെ, പിതാവിനോടും അവിടുത്തെ പുത്രനായ യേശുക്രിസ്തുവിനോടുമാണ്.

ഈ ഹൃദയ ഐക്യം തീഷ്ണമായി ഉണ്ടാകുവാൻ നമ്മുടെ മാമ്മോദീസ എന്ന കൂദാശയിലൂടെ ക്രിസ്തുവിന്റെ രാജകീയ, പൗരോഹിത്യ, പ്രവാചക ദൗത്യങ്ങളുടെ പങ്കു മനസ്സിലാക്കുവാനും ആഴപ്പെടുവാനും പരിശ്രമിക്കാം.

*"നോഹ നീതിമാനായിരുന്നു. ആ തലമുറയിലെ കറയറ്റ മനുഷ്യൻ. അവൻ ദൈവത്തിന്റെ മാർഗത്തിൽ നടന്നു." (ഉൽപ്പത്തി 6:9)*

ദൈവത്തെയും സഹോദരരെയും സ്നേഹിക്കാൻ, ഒന്നായ് നീങ്ങാൻ, സഭയിലെ ഐക്യവും സൗഹൃദവും വളർത്താം. സഭയുടെ യാത്ര ഒന്നായ് സ്വർഗ്ഗീയ ജറുസലേമിലേക്കു നീങ്ങട്ടെ. അതിനായ് ദൈവം നമ്മെ സഹായിക്കട്ടെ. എല്ലാവർക്കും നന്മനിറഞ്ഞ പുതുവത്സരാശംസകൾ...!

**ഫാ. ഡാനി ആന്റണി ഒ.സി.ഡി.**
കൊച്ചച്ചൻ

**പൈതൃകം**







ഫാ. ജോസി കുര്യാപ്പിള്ളി ഒ.സി.ഡി.

# റൈറ്റ് റവ. ഡോ. ലെയനാർഡോ മെല്ലാനോ ഒ.സി.ഡി.

**1868** നവംബർ 15-ന് വരാപ്പുഴ അതിരൂപതയിൽ ഒരു മെത്രാഭിഷേകം നടന്നു. റൈറ്റ്. റവ. ഡോ. ലെയനാർഡോ മെല്ലാനോ ഒ.സി.ഡി. വരാപ്പുഴ അതിരൂപതയുടെ ചുമതലയേറ്റു. മൈസൂറിന്റെ വികാർ അപ്പസ്തോലിക്കയായിരുന്ന ബിഷപ്പ് ചാർബോണിയോയിൽ നിന്ന് വരാപ്പുഴ പള്ളിയിൽ വച്ച് വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്തയായി ലെയനാർഡോ മെല്ലാനോ ഒ.സി.ഡി. അഭിഷേകം ചെയ്യപ്പെട്ടു. മെത്രാപ്പോലീത്തയുടെ അധികാരപരിധിയിലായിരുന്നു സീറോ മലബാർ, ലത്തീൻ റീത്തുകൾ. കർമല മാതാവിന്റെ നാമധേയത്തിലുള്ള വരാപ്പുഴ പള്ളിക്ക് പിതാവ്, വി. യൗസേപ്പിനെക്കൂടി മധ്യസ്ഥനായി പ്രഖ്യാപിച്ചു. അന്നുമുതൽ വരാപ്പുഴ പള്ളി കർമല മാതാവിന്റെയും വി. യൗസേപ്പിതാവിന്റെയും പള്ളി എന്ന് അറിയപ്പെടുന്നു. 1868 മുതൽ 1897 വരെ പിതാവ് അതിരൂപതയെ നയിച്ചു. 29 വർഷം പിതാവിന്റെ സേവനപരിധിയിലായിരുന്നു അതിരൂപത. 1868 മുതൽ 1887 വരെ മെത്രാപ്പോലീത്ത കർമലസഭയുടെ പ്രൊവിൻഷ്യാൾ ആയിരുന്നു.

**1869 ചിങ്ങം 7 (ഓഗസ്റ്റ്-സെപ്തംബർ) മഞ്ഞുമ്മൽ ആശ്രമത്തിന്റെ നിർമാണം; ചിലവ്:-** മഞ്ഞുമ്മൽ ആശ്രമത്തിന്റെ നിർമിതിയ്ക്കായി 25,000/- രൂപ ചിലവഴിച്ചതായി പിതാവ് അതിരൂപതയെ അറിയിച്ചു. അതോടൊപ്പംതന്നെ ഇനിയുള്ള നിർമിതി ചിലവിലേക്കായി വിശ്വാസികളുടെ സാമ്പത്തിക സഹായം ആവശ്യമാണെന്ന് ജനങ്ങളെ അറിയിക്കുകയും ചെയ്തു. പിതാവ് തുടങ്ങിയ 'പിടിയരി' ശേഖരണത്തിൽ നിന്ന് 9349 രൂപയും 12 പുത്തനും 3 കാശും കൂനമ്മാവിലെ ആശ്രമനിർമാണത്തിലേക്കും മഠം നിർമിക്കുന്നതിലേക്കും നല്കി. അതോടൊപ്പം വാഴക്കുളത്തെ ആശ്രമത്തിനും വൈദീകരുടെ യാത്രാചിലവിനും പുലയന്മാരുടെ ചാപ്പിനും

എൽത്തുരുത്തിലെ ആശ്രമത്തിനും സഹായങ്ങൾ നല്കി. (Pastorales Literae Excelmi ac Revdmi Domini Leonardi naellano Primi Archidiocesis Verapolilanae, 1893-No. 9, P. 25).

**1870 ഏപ്രിൽ 15 ബിഷപ്പ് ഹൗസിന്റെ സ്ഥലം മാറ്റം:** ലെയനാർഡോ മെല്ലാനോ പിതാവ് തന്റെ വാസസ്ഥലവും കുരിയയും വരാപ്പുഴയിൽ നിന്ന് മഞ്ഞുമ്മലിലേക്കുമാറ്റി. അങ്ങനെ മഞ്ഞുമ്മൽ വരാപ്പുഴ അതിരൂപതയുടെ ഭരണകാര്യങ്ങളുടെ സമുച്ചയമായി മാറി. 1897–ൽ തന്റെ മരണം വരെ മെത്രാപ്പോലീത്ത മഞ്ഞുമ്മലിൽ താമസിച്ചു. വരാപ്പുഴപള്ളി അതിരൂപതയുടെ കത്തീഡ്രലായി തുടരുകയും ചെയ്തു. 1872 ധനു 2 (ഡിസംബർ–ജനുവരി): മഞ്ഞുമ്മൽ ആശ്രമത്തിന്റെ നിർമിതിക്കായുള്ള ധനശേഖരണം : പള്ളിപ്പുറം പള്ളിയിലെ വികാരിയായിരുന്ന ഫാ. ജോർജ് റൊസാരിയോയെ പിതാവ് ധനശേഖരണത്തിനായ് അതിരൂപതയിലെ മറ്റ് ഇടവകകളിലേക്ക് അയച്ചു. ശേഖരണം ഇപ്രകാരമായിരുന്നു. തെങ്ങ് ഒന്നിന് ഒരു “പുത്തനും” കൃഷിയിടത്തിന് ഒരു “പറ”യും സംഭാവനയായി നൽകണമായിരുന്നു. ഓരോ ഇടവകയ്ക്കും കൊടുത്ത തുകയുടെ രസീത് കൃത്യമായി നൽകിയിരുന്നു. (Paotorales Litterae Excdmi ac Revdmi Domini Leonardi Mellano Primi Archidiodesis Verapolitanae, 1893 - No. 28 P. 88)

(തുടരും)

# അഭിനന്ദനങ്ങൾ




ആലപ്പുഴയിൽ നടന്ന സംസ്ഥാന Classic Bench Press Championship -ൽ Sub junior 68 kg വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ Averin D"Cruz. മഞ്ചാടിപറമ്പിൽ ജോൺസൺ ഡിക്രൂസിന്റെയും ലെൻസി ഡിക്രൂസിന്റെയും മകളാണ്. തൃക്കാക്കര St.Joseph EMHS ലെ പത്താം ക്ലാസ് വിദ്യാർത്ഥിയായ ആവ്റിൻ ആലുവ സബ്ജില്ല സ്കൂൾ കലോത്സവത്തിൽ പ്രസംഗത്തിനും , സംഘഗാനത്തിനും , ശാസ്ത്രോത്സവത്തിൽ working Model ലും A-grade നേടിയ മിടുക്കിയാണ്. ഇടവക ജനങ്ങളുടെ അഭിനന്ദനങ്ങൾ.



# പുൽക്കൂട്
## വിസ്മയകരമായ അടയാളം

**ലോ**ക രക്ഷകന്റെ വരവ് അറിയിച്ച് ഒരു ക്രിസ്തുമസ് കൂടി കടന്നു പോയി. ഓരോ ക്രിസ്തുമസിനും അഭിവാജ്യ ഘടകമായ ഒന്നാണ് പുൽക്കൂട്. വിശുദ്ധ ഫ്രാൻസീസ് അസ്സീസി ആണ് പുൽക്കൂട് എന്നത് യാഥാർത്ഥ്യമാക്കിയത്.

ക്രിസ്തുവിന്റെ ലാളിത്യമാർന്ന ജനനം പുൽക്കൂട്ടിലെ അടയാളങ്ങളിലൂടെ വിശുദ്ധ ഫ്രാൻസിസ് ആവിഷ്കരിച്ചതുവഴി ഒരു സുവിശേഷ വൽക്കരണ രീതിയാണ് ഈ വിശുദ്ധൻ ലോകത്തിനു പകർന്നു നൽകിയത്. അദ്ദേഹത്തിന്റെ പ്രബോധനം മനുഷ്യഹൃദയങ്ങളെ സ്പർശിക്കുകയും ഇന്നും അത് ക്രൈസ്തവികതയുടെ മനോഹാരിതയും, ഒപ്പം രമണീയ ദൗത്യത്തിന്റെ യഥാർത്ഥമായ പൊരുളും ലോകത്തിന് വെളിപ്പെടുത്തിത്തരുകയും ചെയ്യുന്നു. മദ്ധ്യഇറ്റലിയുടെ ആൽപ്പൈൻ കുന്നിൻ ചെരുവിൽ മഞ്ഞുപുതച്ചുകിടക്കുന്ന ഗ്രേച്ചോ ഗ്രാമത്തിലാണ് തിരുപ്പിറവിയുടെ രംഗം വിശുദ്ധ ഫ്രാൻസിസ് ആദ്യമായി പുനരാവിഷ്കരിച്ച സ്ഥലം. അത് ഇന്നും നമ്മുടെ വിശ്വാസത്തെ ബലപ്പെടുത്തുകയും ആത്മീയതയെ വളർത്തികൊണ്ടുമിരിക്കുന്നു. എന്തുകൊണ്ടാണ് പുൽക്കൂട് മനുഷ്യ ഹൃദയങ്ങളിൽ ഇത്രയേറെ കൗതുകം ഉണർത്തുകയും ഹൃദയങ്ങളെ സ്പർശിക്കുകയും ചെയ്യുന്നത്. കാരണം ആദ്യമായി അത് ദൈവത്തിന്റെ ലോലമായ സ്നേഹം വെളിപ്പെടുത്തുന്നു. പ്രപഞ്ചദാതാവ് സൃഷ്ടിയുടെ താഴ്മയെ പുൽകുവോളം വിനീതനായി. മനുഷ്യർ ജീവിതത്തിൽ തത്രപ്പെടുകയും നഷ്ടധൈര്യരായി തീരുകയും ചെയ്യുമ്പോൾ എന്നും നമുക്ക് സാന്ത്വനമേകുവാനും നമ്മുടെ സമീപത്തായിരിക്കുവാനുമായി സ്വർഗീയ പിതാവ് ക്രിസ്തുവിൽ നമുക്ക് ഒരു സഹോദരനെയും ഒരു സ്നേഹിതനെയും മനുഷ്യകുലത്തിനു നൽകിയിരിക്കുന്നു.

മനുഷ്യാവതാര സംഭവത്തിൽ ദൈവപുത്രനായ ക്രിസ്തു സ്വയം ഏറ്റെടുത്ത ദാരിദ്ര്യം അറിയുവാനും അനുഭവിക്കുവാനും പുൽക്കൂട് നമ്മെ

സഹായിക്കും. ബത്‌ലെഹേമിലെ ജനനം മുതൽ കാൽവരിയിലെ കുരിശുമരണം വരെ ക്രിസ്തു പ്രകടമാക്കിയ അവിടുത്തെ എളിമയുടെയും ദാരിദ്ര്യത്തിന്റെയും സ്വയാർപ്പണത്തിന്റെയും പാത വ്യക്തമായി പിഞ്ചെല്ലുവാൻ പുൽക്കൂട് നമ്മെ ക്ഷണിക്കുന്നു. പുൽക്കൂടിന്റെ ആഴമായ അർത്ഥതലങ്ങൾ മനസ്സിലാക്കുന്നതിന് അതിന്റെ വ്യത്യസ്ത ഘടകങ്ങൾ അപഗ്രഥിക്കുന്നത് നല്ലതാണ്. നക്ഷത്രങ്ങൾ മിന്നിനിൽക്കുന്ന ആകാശവും, പുൽക്കൂടിന്റെ എളിയ പരിസരവും മലയും അരുവിയും, മാതാവും, യൗസേപ്പും, ഉണ്ണീശോയും, ആട്ടിൻപറ്റവും, ഇടയന്മാരുമെല്ലാം എല്ലാം ചേരുമ്പോൾ രക്ഷകന്റെ വരവിൽ സകല സൃഷ്ടികളും ആനന്ദിക്കും എന്ന പ്രവാചക വാക്യമാണ് അവിടെ പ്രതിഫലിക്കുന്നത്. മാലാഖമാരും വാൽനക്ഷത്രവും നമ്മെ ഓർമ്മിപ്പിക്കുന്നത് അവർ ഉണ്ണിയേശുവിനെ ആരാധിച്ചതുപോലെ സമൂഹം ആരാധിക്കണമെന്നാണ്.

ഓരോ പുൽക്കൂടിന്റെ മുന്നിലും നാം നിൽക്കുമ്പോൾ നമുക്ക് വിശ്വാസം പകർന്നു നൽകിയവരിൽ നിന്നും ലഭിച്ച അമൂല്യമായ ഈ സമ്മാനത്തെക്കുറിച്ച് കൂടുതൽ ബോധവാന്മാരാകാൻ നമ്മെ ഓർമ്മിപ്പിക്കുന്നു. അതുപോലെ നമ്മുടെ മക്കൾക്കും, ചെറുമക്കൾക്കും സഹോദരങ്ങൾക്കും മറ്റുള്ളവർക്കും ഇതേ അനുഭവം പങ്കുവച്ചു നൽകാനുള്ള കടമയെക്കുറിച്ചും പുൽക്കൂട് നമ്മെ ഓർമ്മിപ്പിക്കുന്നു.



എവിടെയായാലും ഏതു ശൈലിയിൽ രൂപകല്പന ചെയ്താലും നമ്മോടുള്ള ദൈവസ്നേഹത്തെക്കുറിച്ചാണ് പുൽക്കൂട് സംസാരിക്കുന്നത്. ദൈവം താഴ്മയിൽ ഒരു ശിശുവായും നമ്മിൽ ഒരുവനായും പിറന്നുകൊണ്ട് ഭൂമിയിലെ ഓരോ കുഞ്ഞിനോടും സ്ത്രീയോടും പുരുഷനോടും അവർ ഏത് അവസ്ഥയിലായിരുന്നാലും താൻ അവരുടെ സമീപത്ത് സന്നിഹിതനാണെന്നും ഓർമ്മിപ്പിക്കുന്നു. പുൽക്കൂട് നൽകുന്ന സത്യമായും ദൈവ-മനുഷ്യ ഐക്യത്തിന്റെ ഈ അറിവിലാണ് നാം യഥാർത്ഥ സന്തോഷം കണ്ടെത്തേണ്ടത്. അസ്സീസ്സിയിലെ വി. ഫ്രാൻസിസിനെ പോലെ പുൽക്കൂടിലെ ലളിതമായ ശൂന്യതയിലേക്ക് നമുക്ക് നമ്മുടെ ഹൃദയങ്ങൾ തുറക്കാം.

*കടപ്പാട് : ഫ്രാൻസീസ് പാപ്പായുടെ "വിസ്മയകരമായ അടയാളം" എന്ന അപ്പോസ്തോലിക ലിഖിതത്തിൽ നിന്ന്.*

**ടീം സ്വസ്തി**



# ദർശന സമൂഹം
## കൊംപ്രേരിയ



പയസ് റാഫേൽ

**കേ**രളത്തിലെ ഒട്ടുമിക്ക ഇടവകകളിലും പ്രചരണത്തിൽ ഇരിക്കുന്ന ഒരു ഭക്തസംഘടനയാണ് കൊംപ്രേരിയ. പോർച്ചുഗീസുകാരാണ് ഈ സംഘടന കേരളത്തിൽ സ്ഥാപിച്ചത്. കോൺഫ്രേരിയ എന്ന പോർച്ചുഗീസ് പദത്തിൽ നിന്നുമാണ് കൊംപ്രേരിയ എന്ന പദം ഉണ്ടായത്. ഇടവകയിലെ മധ്യസ്ഥ തിരുനാളുകളുടെ കാര്യക്ഷമമായ നടത്തിപ്പിനും രോഗികളുടെ സംരക്ഷണം മൃതസംസ്കാരം കാരുണ്യ പ്രവർത്തികൾ എന്നിവയാണ് കൊംപ്രരിയയുടെ സ്ഥാപനോദ്ദേശങ്ങൾ. മരിയ ഭക്തിയുടെ ആസ്ഥാനമായിരുന്നു വരാപ്പുഴ ഇടവക. മരിയഭക്തിയുടെയും വിശിഷ്യാ കർമ്മലോത്തരിയത്തിന്റെയും ശാശ്വത സ്മാരകമായി സ്ഥാപിക്കപ്പെട്ട ഈ സഹോദര സഖ്യം ഒരു ആർച്ച് കൊംപ്രേരിയ ആയി നിലകൊള്ളുന്നത് വരാപ്പുഴ പള്ളിയിൽ മാത്രമാണ്. മറ്റു പള്ളികളിൽ സ്ഥാപിതമായിരിക്കുന്ന ദർശന സമൂഹങ്ങൾ വരാപ്പുഴ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന ആർച്ച് കൊമ്പ്രേരിയയുടെ പുനരവതാരണവും അനുകരണവുമാണ്. ജപമാല ഭക്തി പ്രചരിപ്പിക്കുന്നതിന് കൊന്ത മാതാവിന്റെ കൊമ്പ്രേരിയയും യൗസേപ്പിതാവിന്റെ വണക്കം ആചരിക്കുന്നതിന് വിശുദ്ധന്റെ കൊംപ്രേരിയയും ഈ ഇടവകയിൽ മിഷനറിമാർ സ്ഥാപിക്കുകയുണ്ടായി. പള്ളിയോഗം സാമൂഹ്യരംഗത്ത് പ്രവർത്തിക്കുമ്പോൾ കൊംപ്രേരിയ ദേവാലയ പരികർമ്മങ്ങളിലും ഭക്താനുഷ്ഠാനങ്ങളിലും വ്യാപൃതരായിരിക്കുന്നു. കൊംപ്രേരിയയുടെ ഘടനയും

നടത്തിപ്പും അംഗീകരിക്കപ്പെട്ട നിയമങ്ങൾക്കും പാരമ്പര്യത്തിനും വിധേയമാണ്. ആണ്ടുതോറും ഇടവക മദ്ധ്യസ്ഥ തിരുനാൾ ദിവസങ്ങൾക്ക് മുമ്പുള്ള നിശ്ചിത ദിവസത്തിൽ വികാരിയച്ചന്റെ നേതൃത്വത്തിൽ കൊംമ്പ്രേരിയ അംഗങ്ങളുടെ ഒരു യോഗം അഥവാ സന്ത മേശ കൂടി ആ കൊല്ലത്തെ തിരുനാൾ എങ്ങിനെ ആഘോഷിക്കണം എന്നും മറ്റുമുള്ള കാര്യങ്ങളും തീരുമാനിക്കുന്നു. തിരുനാൾ വാരത്തിലെ ഒരു ദിവസം ഇലക്തോറന്മാരുടെ വാഴ്ചയും നടത്തുന്നു. അടുത്ത ദിവസം വികാരിയച്ചന്റെ നേതൃത്വത്തിൽ ഒരു രഹസ്യ യോഗം നടത്തി അടുത്ത വർഷത്തേക്കുള്ള പ്രസുദേന്തി (പ്രസിഡന്റ്) തെസിരേര് (ട്രഷർ) പ്രക്യദോർ (പ്രൊകുറേറ്റർ) ഇസ്ക്രൂമാൻ (സെക്രട്ടറി) എന്നിവരെയും മേശക്കാർ (സാധാരണ അംഗങ്ങൾ) തിരഞ്ഞെടുത്ത് ഔദ്യോഗികമായി പ്രഖ്യാപനം നടത്തുന്നു. ഈ കമ്മിറ്റിയാണ് ഓഫീഷാളന്മാർ എന്ന പേരിൽ അറിയപ്പെടുന്നത് ഈ യോഗത്തിൽ വെച്ച് നിശ്ചയിക്കുന്ന പ്രസുദേന്തിയാണ് അടുത്ത വർഷത്തെ തിരുനാൾ നടത്തേണ്ടത്. അദ്ദേഹത്തോട് സഹകരിച്ച് പ്രവർത്തിക്കേണ്ടത് മറ്റ് മൂന്ന് പേരുടെയും കടമയാണ്. കൊംമ്പ്രേരിയായുടെ കാര്യാദികൾ വികാരിയച്ചന്റെ നിർദ്ദേശം അനുസരിച്ച് കാലാകാലങ്ങളിൽ നടത്തുവാൻ ഒരു സ്ഥിരം ചെമ്മദോർ എന്ന സ്ഥാനികൾ ഉണ്ടായിരിക്കും. ഇടവകയുടെ തിരുകർമ്മ ആവശ്യങ്ങൾ നിർവഹിക്കുന്നതിൽ കൊമ്പ്രേരിയകൾ വലിയ സേവനങ്ങളാണ് ചെയ്തു കൊണ്ടിരിക്കുന്നത്.

## ആദരാഞ്ജലികൾ

പ്രശസ്ത സംഗീതസംവിധായാകൻ എം. ഇ. മാനുവൽ അന്തരിച്ചു. അദ്ദേഹത്തിന്റെസ്നേഹമാല്യം എന്ന ആൽബം ഏറെ പ്രശസ്തമാണ്. പൊന്നൊളിയിൽ കല്ലറ മിന്നുന്നു, മഞ്ഞും തണുപ്പും നിറഞ്ഞ രാവിൽ, കാൽവരി മലയുടെ ബലിപീഠത്തിൽ, ഉണ്ണിയെ കയ്യിലേന്തി, അന്ധനു കാഴ്ച്ച നൽകിയ വചനമേ, നാഥാ നീയണഞ്ഞീടുക തുടങ്ങിയ ഗാനങ്ങൾക്കു സംഗീതം നൽകി. പോപ്പ് ജോൺ പോൾ രണ്ടാമൻ കളമശ്ശേരിയിൽ ബലിയർപ്പിച്ചപ്പോൾ ഓർക്കസ്ട്രയ്ക്കു നേതൃത്വം നൽകി. ഇലക്ട്രോണിക് കീബോർഡ് കേരളത്തിനു പരിചയപ്പെടുത്തിയ കലാകാരൻ. യേശുദാസിന്റെ ഗാനമേള സംഘത്തിന്റെയും തരംഗിണിയിലെ റെക്കോർഡിങ്ങുകളുടെയും നേതൃത്വം മൂന്നു പതിറ്റാണ്ടുകൾ നിർവഹിച്ചു. മഞ്ഞുമ്മൽ ഇടവകയുടെ ആദരാഞ്ജലികൾ



# “കുടുംബ വിശുദ്ധീകരണവർഷം 2023”




**വ**രാപ്പുഴ അതിരൂപതയിൽ കുടുംബ വിശുദ്ധീകരണ വർഷം 2023 അതിരൂപതാ മെത്രാപ്പോലീത്ത ഡോ. ജോസഫ് കളത്തിപ്പറമ്പിൽ തിരിതെളിച്ചും വിശുദ്ധീകരണത്തിന്റെ അടയാളമായി കുന്തുരുക്കം പുകച്ചും ഉദ്ഘാടനം ചെയ്തു. ആഗോള കത്തോലിക്കാ സഭ പ്രഖ്യാപിച്ചിട്ടുള്ള സിനഡിന്റെയും കേരള സഭാ നവീകരണ പ്രവർത്തനങ്ങളുടെയും പശ്ചാത്തലത്തിൽ കോവിഡനന്തര ആത്മീയ വരൾച്ചയിൽ നിന്നും സുസ്ഥിരവും ക്രിസ്തുവിലേക്ക് തുടരുന്നതുമായ ആത്മീയ വളർച്ചയിലേക്ക് ഉയരുക എന്ന ലക്ഷ്യത്തോടെയാണ് കേരളസഭയിൽ ത്തന്നെ ആദ്യമായി കുടുംബ വിശുദ്ധീകരണ വർഷമായി ആചരിക്കാൻ വരാപ്പുഴ അതിരൂപത ആഹ്വാനം ചെയ്തിട്ടുള്ളത്. നമ്മുടെ കുടുംബങ്ങളിൽ പ്രാർത്ഥനാന്തരീക്ഷവും ആത്മീയ സംസ്കാരവും നിലനിൽക്കുന്നതിനും പള്ളി എന്റെ ആത്മീയ തറവാട് എന്ന ബോധ്യം ഊട്ടിയുറപ്പിക്കാനുമായി ബി.സി.സി. കൾ ശുശ്രൂഷാ സമിതികൾ എന്നിവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് കുടുംബങ്ങളെ നവീകരിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്. അതിരൂപതാ ബി.സി.സി. ഡയറക്ടറേറ്റിന്റെ ഏകോപനത്തിൽ എല്ലാ ശുശ്രൂഷാ സമിതികളുടെയും പങ്കാളിത്തത്തോടും എല്ലാ വൈദികരുടെയും സന്യസ്തരുടെയും അല്മായ സഹോദരങ്ങളുടെയും സഹകരണത്തോടും കൂടെ ഒരു വർഷം നീണ്ടു നിൽക്കുന്ന കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. എറണാകുളം സെന്റ് ഫ്രാൻസീസ് അസീസി കത്തീഡ്രലിൽ ക്രിസ്തുമസ് പാതിരാക്കുർബ്ബാനമദ്ധ്യേ നടന്ന ചടങ്ങിൽ കുടുംബ വിശുദ്ധീകരണ വർഷത്തിന്റെ ലോഗോയും അഭിവന്ദ്യ മെത്രാപ്പോലീത്ത പ്രകാശനം ചെയ്തു.

# പാരമ്പര്യം മുറുകെ പിടിച്ച പാപ്പ



**ബെനഡിക്ട് പതിനാറാമൻ.**

**2005**-ൽ 78-ാം വയസിലാണ് വിശ്വാസത്തിന്റെ ഈ ധീരപോരാളി മാർപാപ്പയായി സ്ഥാനമേറ്റത്. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ പിൻഗാമിയായി 2005 ഏപ്രിൽ 19 നു സ്ഥാനമേറ്റ പാപ്പ എട്ടു വർഷത്തിനുശേഷം അനാരോഗ്യം മൂലം 2013 ഫെബ്രുവരി 28-ന് ആണ് സ്ഥാനത്യാഗം ചെയ്തത്. ആറു നൂറ്റാണ്ടിനിടെ ആദ്യമായായിരുന്നു ഒരു മാർപാപ്പയുടെ സ്ഥാനത്യാഗം.

ഇതുവരെ തിരഞ്ഞെടുക്കപ്പെട്ടതിൽ ഏറ്റവും പ്രായംകൂടിയ മാർപാപ്പയായിരുന്നു ബെനഡിക്ട് പതിനാറാമൻ. 1415ൽ ഗ്രിഗറി പന്ത്രണ്ടാമനു ശേഷം സ്ഥാനമൊഴിയുന്ന ആദ്യത്തെ പോപ്പാണ് അദ്ദേഹം. 2005 മുതൽ 2013 വരെ കത്തോലിക്ക സഭയെ നയിച്ചു. ആധുനികാലത്ത് സ്ഥാനത്യാഗം ചെയ്ത ഏക മാർപാപ്പായാണ് ബെനഡിക്ട് പതിനാറാമൻ.

## പകരക്കാരനില്ലാത്ത പാപ്പയ്ക്ക് വിട





Congratulations
04-12-2022

# Eby Sebastian & Rento



Congratulations
31-12-2022

## Akshai Babu
## &
## Shelna Austine



Baptism

20th November 2022

# Eugenia Elizabeth Rozario

D/o. Gael Rozario & Greana Cabral

Navaresu Parambil



Baptism

18th December 2022

# Emelda Rosangel Antony

D/o Naveen Antony & Valerine Maria Mendez

Manpurackal House




# Alvin Delton
**Anthikkadu House**

**S/o Delton & Priya**

Congratulations
20-11-2022



# Ashna Joseph & Lijo Jose

Congratulations
10-10-2022



# Bifin Cleatus & Twinkle

Congratulations
27-11-2022



# Jacob Jinson Correya & Agnes Steffy Morera

ഇടവക വാർത്തകൾ

# മിഷൻ ഞായർ

നവംബർ 13-ാം തീയതി കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ, കാർമൽ യൂത്ത്, മതബോധന വിഭാഗം, വിവിധ ഭക്തസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ മഞ്ഞുമ്മൽ ഇടവകയിലും നവംബർ 20-ാം തീയതി ഫാത്തിമ മാതാ ദേവാലയത്തിലും മിഷൻ ഞായർ നടത്തി.



മിഷൻ ഞായർ പ്രവർത്തനങ്ങളിൽ നിന്ന്

## ആശീർവാദകർമം നിർവഹിച്ചു

നവംബർ 23-ന് വൈകീട്ട് 5.30ന് നവീകരിച്ച അൾത്താരകളുടെ ആശീർവാദകർമം ബഹു. പ്രൊവിൻഷ്യാൾ ഫാ. തോമസ് മരോട്ടിക്കാപ്പറമ്പിൽ OCD നിർവഹിച്ചു.



## ഇടവക വാർത്തകൾ

നവംബർ 23 മുതൽ തിരുനാളിനോടനുബന്ധിച്ചുള്ള നവനാൾ ആരംഭിച്ചു. 28, 29, 30 തീയതികളിൽ മൂന്ന് ദിവസത്തെ ധ്യാനവും നടത്തി.







നവനാൾ ദിനങ്ങളിൽ നടത്തിയ തിരിപ്രദക്ഷിണം

ഡിസംബർ 1-ന് വൈകീട്ട് ദിവ്യബലിയ്ക്കു മുൻപായി പന്ത്രണ്ട് കുട്ടികൾ അൾത്താര ശുശ്രൂഷകരായി. പ്രത്യേക പ്രാർത്ഥനയോടെ ഈ പന്ത്രണ്ട് കുട്ടികൾ ദേവാലയത്തിലേക്ക് പ്രവേശിച്ചു.



അൾത്താര ശുശ്രൂഷകർ വികാരിയച്ചനും കൊച്ചച്ചനോടുമൊപ്പം

# തിരുനാൾ ദിനങ്ങളിലൂടെ



ഡിസംബർ 2-ന് മാതാവിന്റെ 157-ാം ദർശനത്തിരുനാളിന് വികാരി റവ. ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി. കൊടികയറ്റുന്നു.

ഡിസംബർ 7-ാം തീയതി ഉച്ച കഴിഞ്ഞ് 2.30ന് മാതാവിന്റെ തിരുസ്വരൂപം പാർലർ ഓഫീസിനു മുന്നിൽ അലങ്കരിച്ച പീഠത്തിൽ വയ്ക്കുകയും, തുടർന്ന് ഭക്തജനങ്ങൾ സാരിമാല ചാർത്തി മാതാവിനെ വണങ്ങുകയും ചെയ്തു. വൈകീട്ട് 5 മണിക്ക് പ്രൊവിൻഷ്യാളച്ചന് സ്വീകരണവും തുടർന്ന്, ആഘോഷമായ ദിവ്യബലിയും. ദിവ്യബലിക്കു ശേഷം സെന്റ് ആൻസ് ദേവാലയം വരെ മാതാവിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ട് പ്രദക്ഷിണം നടത്തി.



ഡിസംബർ 8 തിരുനാൾ ദിനം രാവിലെ 9.30ന് വരാപ്പുഴ അതിരൂപത മെത്രാൻ ജോസഫ് കളത്തിപ്പറമ്പിൽ പിതാവിന്റെ ആഘോഷമായ ദിവ്യബലി.11.30നും, 2.30നും, 4നും, 5.30നും തുടർച്ചയായി ദിവ്യബലികൾ ഉണ്ടായിരുന്നു.

ഡിസംബർ 9, 10, 11 തീയതികളിൽ ഉച്ചകഴിഞ്ഞ് 3 മണിക്ക് കുട്ടികൾക്കും രോഗികൾക്കും ഇടവകകളിൽ നിന്ന് മരിച്ചുപോയവർക്കുംവേണ്ടി പ്രത്യേക ദിവ്യബലികൾ അർപ്പിച്ചു.

ഡിസംബർ 14, പിതൃദിനത്തിൽ ദിവ്യബലിക്ക് നേതൃത്വം കൊടുത്തത് പിതാക്കന്മാരായിരുന്നു. അന്നേദിനം ചേരാനല്ലൂർ കടവ് വരെ പ്രദക്ഷിണവുമുണ്ടായിരുന്നു.



## ഡിസംബർ 15 തിരുനാൾ എട്ടാമിടം (മാതൃദിനം)

മാതൃദിനത്തിൽ ദിവ്യബലിക്ക് നേതൃത്വം നല്കിയത് അമ്മമാരാണ്. ദിവ്യബലിക്കുശേഷം ഈ വർഷത്തെ തിരുനാളിന്റെ കൊടിയിറക്കി. രാത്രി 10.30ന് പരി. അമ്മയുടെ തിരുസ്വരൂപം എടുത്തുവച്ചു.

## ക്രിസ്തുമസ് ആഘോഷം

ഡിസംബർ 24ന് വൈകീട്ട് പള്ളി ഗ്രൗണ്ടിൽ
42 കുടുംബ യൂണിറ്റുകളുടെ നക്ഷത്രങ്ങൾ തെളിച്ചു.



പീറ്റർ കണ്ണാംപറമ്പിലിന്റെ നേതൃത്വത്തിൽ കാർമ്മൽ യൂത്തിന്റെ യുവജനങ്ങൾ അലങ്കാര ബൾബുകൾ ഇട്ട് ക്രിസ്തുമസ് ദിനത്തിൽ പള്ളി ഗ്രൗണ്ട് വളരെ മനോഹരമാക്കുകയും ചെയ്തു.

രാത്രി 11.15ന് ഇടവക ഗായകസംഘത്തിലെ കുട്ടികളുടെയും മുതിർന്ന വരുടെയും നേതൃത്വത്തിൽ ക്രിസ്തുമസ് കരോൾ ഗാനങ്ങൾ ആല പിച്ചു. പാതിരാകുർബാനയ്ക്ക് നേതൃത്വം നൽകിയത് മതബോധന വിഭാഗമാണ്.





ഡിസംബർ 31ന് പുതുവർഷ ദിവ്യബലിക്ക് യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി. ദിവ്യബലിയ്ക്കു മുൻപായി "കുടുംബ വിശുദ്ധീകരണവർഷം 2023" ന് തിരിതെളിച്ചുകൊണ്ട് കുടുംബ വിശുദ്ധീകരണവർഷം 2023-ന്റെ ലോഗോ വികാരി റവ. ഫാ.ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി. പ്രകാശനം ചെയ്തു.





വിൻസന്റ് ഡി പോൾ സംഘടന ഈ വർഷത്തെ ക്രിസ്തുമസ് കിറ്റ് അർഹത പ്പെട്ട കുടുംബങ്ങൾക്കു നൽകുകയുണ്ടായി.



## ജൂബിലി ആഘോഷിച്ചു



ബഹുമാനപ്പെട്ട വികാരി ടൈറ്റസ് കാരിക്കശ്ശേരി OCD അച്ചന്റെ സിൽവർ ജൂബിലി ഏറ്റവും ലളിതമായ രീതിയിൽ ദിവ്യബലിക്കുശേഷം ആഘോഷിച്ചു. ഇടവകയുടെ പേരിൽ ലീഡർ വർഗീസ് പുളിക്കൽ ബൊക്കെ നൽകി. കേന്ദ്ര നിർവാഹക സമിതി അജപാലന ശുശ്രൂഷ കോഡിനേറ്റർ അഡ്വ. ജെഫ്രിൻ മാനുവൽ, മതബോധന വിഭാഗം ഹെഡ്മാസ്റ്റർ ആന്റണി രാജു എന്നിവർ ആശംസകൾ നേർന്നു.

## സ്കോളർഷിപ്പ് വിതരണം നടത്തി

2022-ലെ നവദർശൻ സ്കോളർഷിപ്പിന് അർഹരായവർക്ക് 8-1-2023 ഞായറാഴ്ച, 7.30നുള്ള ദിവ്യബലിക്ക് ശേഷം ബഹുമാനപ്പെട്ട വികാരി റവ. ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി. Scholarship-കൾ വിതരണം ചെയ്തു.

## മതബോധന വാർത്തകൾ

കളമശ്ശേരി ഫൊറോന തലത്തിൽ ക്രിസ്തുമസ് കരോൾ ഗാനമത്സരത്തിൽ മഞ്ഞുമ്മൽ ഇടവക മതബോധന വിഭാഗം കുട്ടികൾ ഒന്നാംസ്ഥാനം കരസ്ഥമാക്കി.




കരോൾ ഗാനമത്സരത്തിൽ പങ്കെടുത്ത കുട്ടികൾ

## അഭിനന്ദനങ്ങൾ



മതബോധന വിഭാഗത്തിൽ 5-ാം ക്ലാസ്സിൽ പഠിക്കുന്ന Angel K.W (ആരാധന യൂണിറ്റ്) വരാപ്പുഴ അതിരൂപത തലത്തിൽ ഉണ്ണീശോയ്ക്കു ഒരു കത്തെഴുത്തു മത്സരത്തിൽ ഒന്നാം സമ്മാനത്തിന് അർഹയായി.

### ലോഗോസ് ക്വിസ് മത്സരത്തിൽ ഉന്നത വിജയം നേടിയവർ

Category D

1. **മേഴ്സി റൈസൻ** (92 മാർക്സ്)

Category E

1. **മേരി ജെയിംസ്** (83 മാർക്സ്)
2. **ലിസി ജസ്റ്റിൻ** (83 മാർക്സ്)

### യുവജന വാർത്തകൾ

## ക്രിസ്തുമസ് കരോൾ

ഡിസംബർ 23. കാർമൽ യൂത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ക്രിസ്തുമസ് കരോൾ വൈകീട്ട് 6 മണിക്ക് സാമൂഹ്യ സേവാസംഘത്തിന്റെ മുന്നിൽ നിന്ന് ആരംഭിച്ച് രാത്രി 10 മണിക്ക് പള്ളിനടയിൽ അവസാനിച്ചു. ഒൻപത് സ്ഥലങ്ങളിലായാണ് ക്രിസ്തുമസ് കരോളിനുള്ള സ്ഥലങ്ങൾ ഒരുക്കിയത്.



കരോൾ സംഘം കൊച്ചച്ചനോടൊപ്പം

കാർമൽ യൂത്ത് സംഘടിപ്പിച്ച തിരുനാൾ സമ്മാനകൂപ്പൺ തിരുന്നാളിന്റെ എട്ടാമിടം ദിവ്യബലിക്കുശേഷം നറുക്കെടുക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.







## "FIFA WORLD CUP" BIG SCREEN



ലോകകപ്പ് ഫൈനൽ മത്സരത്തോടനുബന്ധിച്ച് ഡിസംബർ 18. മഞ്ഞുമ്മൽ ഇടവകയുടെ നേതൃത്വത്തിൽ കാർമൽ യൂത്ത് സംഘടിപ്പിച്ച "FIFA World Cup" Big Screen ഏറ്റവും ഭംഗിയായി വിജയിപ്പിക്കുവാൻ സാധിച്ചു.

സ്വസ്തിയിലേക്കുള്ള നിങ്ങളുടെ രചനകളും പരസ്യങ്ങളും പാരിഷ് ഓഫീസിൽ എത്തിക്കുകയോ swasthieditorial@gmail.com എന്ന ഇ-മെയിലിൽ അയക്കുകയോ ചെയ്യുക.

# ഇടവകദിനാഘോഷ പരിപാടികൾ 2023

മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവകദിനാഘോഷം ജനുവരി 29 ഞായറാഴ്ച വൈകീട്ട് 6:30 ന് ഇടവക മക്കൾ ഒന്നായി ആഘോഷിച്ചു. വരാപ്പുഴ അതിരൂപത BCC ഡയറക്ടർ ബഹു. യേശുദാസ് പഴമ്പിള്ളി അച്ചൻ ഇടവകദിനാഘോഷം ഉദ്ഘാടനം ചെയ്തു. തുടർന്ന്, ഇടവക വികാരി റവ. ഫാ. ടൈറ്റസ് കരിക്കാശ്ശേരി OCD അധ്യക്ഷ പ്രസംഗം നടത്തി. റവ. ഫാ. ബോസ്കോ കൊറയ OCD (വികാർ പ്രൊവിൻഷ്യാൾ), റവ. ഫാ. സക്കറിയാസ് പാവനത്തറ (5-ാം ഫെറോന വികാരി) ഫാ. ഡാനി ആന്റണി OCD (അസി. വികാരി) പി.ബി.രാജേഷ് (19-ാം വാർഡ് കൗൺസിലർ) ജെയിംസ് ജോൺ, സി. മേരി എബ്രഹാം (മദർ സൂപ്പരിയർ FM കോൺവെന്റ്) ആന്റണി രാജു (മതബോധന വിഭാഗം HM) എന്നിവർ ആശംസകൾ അർപ്പിച്ചു. ആശംസകൾക്കു ശേഷം ഇടവകയിലെ 250 ൽ പരം കലാകാരന്മാർ അവതരിപ്പിച്ച **മെഗാഷോ** ഏറ്റവും ഭംഗിയായി അവതരിപ്പിച്ചു. തുടർന്ന് സ്നേഹവിരുന്നോടുകൂടി ആഘോഷപരിപാടികൾ സമാപിച്ചു. ഇടവകദിനാഘോഷ പരിപാടികൾക്ക് മുന്നോടിയായി നടത്തിയ വിവിധ മത്സരങ്ങൾക്ക് സമ്മാനദാനവും നടത്തി.





















## നവാതിഥികൾ

1) **മൈക്കിൾ ജോസഫ് കൊറയ** S/o കുറ്റിക്കശ്ശേരി മാർഷൽ നിക്കോളാസ് കൊറയ & മേരി ഷിൻസി കൊറയ
2) **ആൻറോസ് ജോസഫ്** D/o ആലപ്പാട്ട് ജോസഫ് ആന്റണി & ഷിമ മൈക്കിൾ
3) **ജോനാഥൻ അഗസ്റ്റസ് ദീപക്** S/o അറക്കൽ ദീപക് ഷാജൻ & മഞ്ജു എം. തോമസ്
4) **നേഹ മരിയ അനീഷ്** D/o കുളങ്ങര അനീഷ് ഫ്രാൻസീസ് & റിനിയ ജോയ്
5) **യുജിനിയ എലിസബത്ത് റോസാരിയോ** D/o നവരേശുപറമ്പിൽ ഗെയിൽ റൊസാരിയോ & ഗ്രീന മരിയ കബ്രാൾ
6) **ഹെയ്സൽ ഡൊമിനിക** D/o അമ്മപറമ്പിൽ മിഥുൻ ജോസ് & നിയ ആനി
7) **ആൽവിൻ ഡെൽട്ടൺ** S/o അന്തിക്കാട് ഡെൽട്ടൺ ഡൊമിനിക് & പ്രിയ ഡെൽട്ടൺ
8) **എമൽഡാ റോസേൻജൽ ആന്റണി** D/o മൺപുരയ്ക്കൽ നവീൻ ആന്റണി & വാലറിൻ മരിയ മെന്റസ്

## ഒന്നായവർ



1) പുത്തൻപുരയ്ക്കൽ **നവിൻ** & കണ്ണൻമുറിപറമ്പിൽ **അഞ്ജന**
2) തുണ്ടിപ്പറമ്പിൽ **ജേക്കബ് ജിൻസൺ കൊറയ** & കടേപ്പറമ്പിൽ **ആഗ്നസ് സ്റ്റെഫി മൊറേര**
3) മുല്ലപ്പറമ്പിൽ **എബി സെബാസ്റ്റ്യൻ** & പാറത്തോട്ടി **റെന്റോ**
4) ആഞ്ഞിപ്പറമ്പിൽ **അക്ഷയ് ബാബു** & വടശ്ശേരി **ഷെൽന ഓസ്റ്റിൻ**

# നിത്യതയിലേക്ക്

അവിടുന്ന് എന്നെ ഏൽപ്പിച്ച ജോലി പൂർത്തിയാക്കികൊണ്ട്
ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്വപ്പെടുത്തി (യോഹ 16:6)



**റവ. ഫാ. ഫ്രാൻസിസ്**
**പേരേപ്പറമ്പിൽ OCD**



**എൻ.വി. ഫ്രാൻസീസ്**
നെടുംപറമ്പിൽ



**ത്രേസ്യ ആന്റണി**
പള്ളിഞ്ഞാലിൽ



**ലില്ലി ലിയോൺസ്**
പാളയത്തിൽ



**ആന്റണി (ജോണി)**
കുറ്റിക്കാപ്പറമ്പ്



**മാർഗരറ്റ് ജോൺ**
അന്തിക്കാട്



**കെ.വി. ആന്റണി**
കൂത്തുകാട്



**ജേക്കബ് ഒ.ആർ.**
ഒന്നപ്പിള്ളി



**കെ.ജെ. ഫ്രാങ്ക്ളിൻ**
കുളങ്ങര



SILVER JUBILEE

25th

11-01-2023

# Sr. Smily Mathew

VADASSERY HOUSE, MANJUMMEL





## 1–ാം ചരമവാർഷികം

25-01-2023



# മാത്യു വി. ജെ. വടശ്ശേരി

മഞ്ഞുമ്മൽ

# ST. JOSEPH'S HOSPITAL TRUST

"Action with Love is Service
Serving the community since 1888."

PATIENT SAFETY & QUALITY OF CARE
NABH (ENTRY LEVEL)
CERTIFIED
PEH-2020-1220

Manjummel P.O, Kochi - 683 501
Ph: 0484 2555344, Mob: 8893247123



## 24 X 7
## CATH LAB FACILITY





Department of Radiology
24 X 7 : 1.5T HD MRI & CT, X-RAY

## 24 X 7, ICU AMBULANCE, LAB, PHARMACY, ACCIDENT & EMERGENCY CARE

## OUR DEPARTMENTS

24 x 7 Emergency Medical services
Cardiology
Orthopedics
Spine surgery
Plastic Reconstructive Surgery
Pediatrics & Neonatology
Internal Medicine / General Medicine
Dental Services
Ophthalmology
(Cataract Surgery)
General Surgery
Medical Gastroenterology
Endoscopy
Anesthesiology
Reflexology
Radiology
Psychiatry
ENT
Audiometry
Urology
Obstetrics and Gynecology
Laparoscopic Surgery
Physiotherapy
Rheumatology
Pulmonology & Respiratory Medicine
Nephrology
Dialysis Unit
Clinical Psychology
Dermatology
Neurology
Acupuncture & Electropathy
Diabetes Care Clinic
24 x 7 Cath Lab Facility

## Department of Gynecology & Obstetrics

"കരുതലോടെ...
മാതൃത്വത്തിലേക്ക്"...



സുരക്ഷ അമ്മയ്ക്കും കുഞ്ഞിനും



എപ്പോഴുമുണ്ട്
ഏറ്റവും മികച്ച
കരുതൽ

## 24x7 CRITICAL CARE UNIT.
WELL EQUIPPED ICU WITH VENTILATOR SERVICE